# പൊതു വിദ്യാഭ്യാസ വകുപ്പ് - ഡയറ്റ് എറണാകുളം
## വൈഭവം 2021
## എസ്.എസ്.എൽ.സി പരീക്ഷ അക്കാദമിക പിന്തുണ
## അടിസ്ഥാനപാഠാവലി

T18

സമയം :45 മിനിറ്റ്

**സ്കോർ : 20**

പൊതുനിർദ്ദേശങ്ങൾ

- താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 20 സ്കോർ ആയിരിക്കും.
- ഉത്തരമെഴുതുമ്പോൾ സ്കോർ,സമയം എന്നിവ പരിഗണിക്കണം.

1. എന്നാൽ <u>കൊതിയസമാജം</u> കൂടിയിരുന്നത് ഞങ്ങളുടെ വക മുല്ലശ്ശേരിൽ പറമ്പിന്റെ അതിരിൽ നിന്ന ശർക്കരമാവിന്റെ കീഴിലായിരുന്നു. അടിവരയിട്ടിരിക്കുന്ന പദത്തിന്റെ ഏറ്റവും ശരിയായ അർത്ഥം ഏത് ?
(കൊതിപൂണ്ട സമാജം, കൊതിയുള്ള സമാജം, കൊതിയരുടെ സമാജം, സമാജത്തിന്റെ കൊതി)
(സ്കോർ 1)

2. "ആരാണ് മുന്നിൽ, പുറത്തേക്കശാന്തനാ-
യീശ്വരൻ കാറ്റൊന്നു കൊള്ളാനിറങ്ങിയോ?"
– ഈ വരികൾ അർത്ഥമാക്കുന്നതെന്ത്?
ദൈവം മനുഷ്യനെപ്പോലെ പുറത്തിറങ്ങി നടക്കാറുണ്ട്.
ക്ഷേത്രത്തിനുള്ളിൽ കാറ്റ് കുറവാണ്.
ഈശ്വരൻ പോലും മനുഷ്യന്റെ പ്രവൃത്തിയിൽ അസ്വസ്ഥനാണ്.
കാഴ്ചകൾ കാണാൻ പുറത്തേക്ക് ഇറങ്ങുന്ന സമയമായിരുന്നു. (സ്കോർ 1)

3. "നീരറ്റു വറ്റിവരണ്ട കൈച്ചുള്ളികൾ
നീരാതെ മാറോട് ചേർത്തുവച്ചിട്ടുണ്ട്."

തന്നിരിക്കുന്ന വരികൾ അമ്മയുടെ ജീവിതാവസ്ഥ പ്രതിഫലിപ്പിക്കാൻ എത്രമാത്രം സഹായകമാണ് ? നിങ്ങളുടെ നിരീക്ഷണം എഴുതുക. (സ്കോർ 2)

4. "ഇന്നു <u>മാങ്ങമരം</u> കാണാത്ത കുട്ടികൾ കേരളത്തിൽ ഉണ്ടാവില്ലെങ്കിലും ഇപ്പറഞ്ഞ പഴയ <u>അപരിഷ്കൃതമട്ടുകൾ</u> അവർ അറിയാനിടയില്ല." അടിവരയിട്ടിരിക്കുന്ന പദങ്ങൾ സൂചിപ്പിക്കുന്നതെന്ത് ? (സ്കോർ 2)

5. "ചെമ്പുമത്തായിയുടെ അടുക്കൽ ചെന്ന് റേഡിയോ പണയം വയ്ക്കുമ്പോൾ ചാക്കുണ്ണിയുടെ ഉള്ളിൽ തീയായിരുന്നു." തന്നിരിക്കുന്ന വാക്യം നൽകുന്ന അർത്ഥതലം കണ്ടെത്തി എഴുതുക. (സ്കോർ 2)

6."മാവിനോടുള്ള പ്രേമം നാട്ടിൻപുറത്തെ കുട്ടികളിൽ മാത്രമല്ല,കവികളിലും കാണാം." എന്ന് ലേഖകൻ പറഞ്ഞിരിക്കുന്നതിന്റെ യുക്തി എന്താണ് ? (സ്കോർ 2)

7. "പൊട്ടിക്കരഞ്ഞും ശഠിച്ചും, കുതറിയു-
മെത്തിയതും ഉച്ചയാവോളമമ്മയാ
ച്ചുറ്റമതിലിൻ പുറത്തന്നു നിന്നതും
ചങ്കിൽ കരച്ചിൽ കുരുങ്ങിപ്പിടഞ്ഞതും"

ഓർമ്മകൾ നമ്മെ തിരിച്ചറിവിലേയ്ക്ക് നയിക്കുന്നുണ്ടോ? 'അമ്മത്തൊട്ടിൽ' എന്ന കവിതയിലെ ഓർമ്മകളുടെ പ്രാധാന്യം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. (സ്കോർ 4)

8."കൊച്ചുചക്കരച്ചി എന്ന മാവിന് പല സന്ദർഭങ്ങളിലും മാനുഷികഭാവം കൈവരുന്നതായി കണ്ടെത്താൻ കഴിയും." വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക (സ്കോർ 4)

9.അമ്മയെ ഉപേക്ഷിക്കാൻ മകൻ നടത്തുന്ന യാത്ര മകന്റെ മുൻകാല ജീവിതാനുഭവങ്ങളിലേക്കുള്ള യാത്രയായി മാറുന്നുണ്ടോ? നിങ്ങളുടെ പ്രതികരണത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുക. (സ്കോർ 6)

10. "സത്യം കണ്ടുപിടിക്കാൻ പല അടവുകളും നോക്കേണ്ടിവരും; ഗുണിക്കൽ, ഹരിക്കൽ, അഭ്യൂഹം, ഭാവന തുടങ്ങി പലതും." ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ "വാർത്താമാധ്യമങ്ങൾ ഇന്ന്" എന്ന വിഷയത്തിൽ എഡിറ്റോറിയൽ തയ്യാറാക്കുക. പത്രനീതി എന്ന പാഠത്തിലെ ആശയങ്ങളും ഉൾപ്പെടുത്താം. (സ്കോർ 6)

*********